**ഭരണഭാഷ - മാതൃഭാഷ**

ICDS/A6-10657/20

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 16/10/2020
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാശിശുവികസന ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി 2020-21- സ്കൂൾ കൗൺസിലർമാർക്ക് സ്ഥിര യാത്രാബത്ത അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :

ഈ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സൈക്കോസോഷ്യൽ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് വിവിധ സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്ന സ്കൂൾ കൗൺസിലർമാർക്ക് സ്കൂൾ വെക്കേഷൻ സമയത്ത് അങ്കണവാടികളിൽ കൗമാരക്കാരായ പെൺകുട്ടികൾക്ക് വിവിധക്ലാസ്സുകൾ നൽകുന്നതിനായി സ്ഥിരയാത്രാബത്തയായി 750/രൂപ വീതം രണ്ടുമാസം നല്കിവരാറുണ്ട്.2020 ഏപ്രിൽ,മെയ് മാസങ്ങളിൽ കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാൽ വെക്കേഷൻ സമയത്തെ ക്ലാസ്സുകൾ നടന്നിരുന്നില്ല.എന്നാൽ DMHP വഴിയായി സ്കൂൾ കൗൺസിലർമാരെ ക്വാറന്റയിനിൽ കഴിയുന്നവർക്ക് കൗൺസിലിംഗ് നടത്തുന്നതിനായി ചുമതലപ്പെടുത്തിയിരുന്നു.വർക്ക് അറ്റ് ഹോം എന്ന രീതിയിലും ഹോസ്പ്പിറ്റലിൽ പോയി കൗൺസിലിംഗ് ജോലിചെയ്യുന്നരീതിയിലും DMHP ഡ്യൂട്ടി നൽകിവന്നിരുന്നു.

ആയതിനാൽ DMHP ജില്ലാ ഓഫീസിൽ പോയി ഡ്യൂട്ടിചെയ്ത് യാത്രാബത്തയ്ക്ക് അർഹരായ സ്കൂൾ കൗൺസിലർമാർക്ക് യാത്രാബത്ത അനുവദിക്കാവുന്നതാണ്. ഇപ്രകാരം സേവനമനുഷ്ഠിച്ച സ്കൂൾ കൗൺസിലർമാരിൽ നിന്ന് ടി.എ സ്റ്റേറ്റ്മെന്റ് വാങ്ങി ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധനാവിധേയമാക്കി 1500/-രൂപയിൽ അധികരിക്കാതെ പാസാക്കി ശിശുവികസന പദ്ധതി ഓഫീസർമാർ ജില്ലാഓഫീസർമാർക്ക് അലോട്ട്മെന്റിനായി അപേക്ഷിക്കേണ്ടതും ജില്ലാഓഫീസർമാർ ജില്ലാതലത്തിൽ ക്രോഡീകരിച്ച അലോട്ട്മെന്റ്

റിക്വസ്റ്റ് നവംബർ 15നകം ഈ കാര്യലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.തെറ്റായ രീതിയിൽ ടി.എ അനുവദിച്ചതായി ഭാവിയിൽ കാണുന്നപക്ഷം ആയത് ബന്ധപ്പെട്ട ശിശുവികസനപദ്ധതിഓഫീസർമാരുടെ ബാധ്യതയായി നിശ്ചയിക്കുന്നതായിരിക്കും.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി